(ഡി) ഈ മൂന്നു പാലങ്ങളുടേയും പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)(ബി)&(സി) നടയറ പാലത്തിന്റെ പണിക്ക് പ്രത്യേകാനുമതി നല്കിയിട്ടുണ്ട്. ഈവർഷത്തെ ബഡ്ജറ്റിൽ 11.58 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. ടെൻഡർ ചെയ്യുന്നതിന് ആവശ്യമായ ഫണ്ട് ലഭിച്ചാലുടൻ പണി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അയിരൂർ പാലം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമായാൽ മാത്രമേ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ. കല്ലണ പാലത്തിന്റെ 70 ലക്ഷത്തോളം രൂപയുടെ പാർട്ട് ബില്ല് ഫണ്ടിന്റെ അപര്യാപ്തതമൂലം നൽകാത്തതിനാൽ കരാറുകാരൻ പണി സാവധാനത്തിലാക്കിയിരിക്കുകയാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായും സ്ഥലം ലഭിക്കുന്ന മുറയ്ക്കും ഈ പാലങ്ങളുടെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

144 (1363) പേരൂർച്ചാൽ പാലത്തിന്റെ പണി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ പമ്പാനദിയിൽ നിർമ്മിക്കുന്ന പേരൂർച്ചാൽ പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി വളരെ മന്ദഗതിയിലാണ് നീങ്ങുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള കരാർ അവസാനിപ്പിച്ച് ഡിപ്പാർട്ടുമെന്റലായി ചെയ്യിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പാലത്തിന്റെ പണി 2000 വർഷത്തിൽതന്നെ പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകദേശം 25% പണി തീർന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) ഇപ്പോൾ നിലവിലുള്ള കരാർ റദ്ദാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പണികൾ എത്രയും വേഗം തീർക്കാനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

145 (1364) തൊട്ടിൽ പാലം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മൂവാറ്റുപുഴ-പിറവം റൂട്ടിൽ മാറാടിയിൽ പഞ്ചായത്ത് ഓഫീസിനു സമീപമുള്ള തൊട്ടിൽപാലം അപകടസ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) പാലം പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ പണി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) പാലം അപകടത്തിൽ എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. വാഹന നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. പാലം പുനർനിർമ്മിക്കുവാൻ 68 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണം ലഭ്യമാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

146 (1365) മലക്കാട്, കോട്ടവയൽ പാലങ്ങളുടെ നിർമ്മാണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനങ്ങാടി പഞ്ചായത്തിലെ മലക്കാട് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നറിയിക്കുമോ;

(ബി) പാലത്തിന്റെ നിർമ്മാണപ്രവർത്തനം എന്നാരംഭിക്കും എന്നറിയിക്കുമോ;

(സി) പൂതാടി പഞ്ചായത്തിലെ കോട്ടവയൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നറിയിക്കുമോ;

(ഡി) മലക്കാട്, കോട്ടവയൽ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) മീനങ്ങാടി പഞ്ചായത്തിലെ മലക്കാട് പാലം നിർമ്മിക്കുന്നതിനായി 27.12.97 ലെ ജി.ഒ. (ആർ.ടി) 1534/97/പൊ.മ.വ. പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഈ പണിയുടെ അലൈന്റ്മെന്റ് പ്ലാൻ അപ്രൂവ് ചെയ്തിട്ടുണ്ട്. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

(ബി) പാലത്തിന്റെ ഡിസൈൻ അപ്രൂവ് ചെയ്യുകയും, സാങ്കേതികാനുമതി നൽകുകയും ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്ത ശേഷം പണി തുടങ്ങാവുന്നതാണ്.

(സി) പൂതാടി പഞ്ചായത്തിലെ കോട്ടവയൽ പാലം നിർമ്മിക്കുന്നതിന് 1.7.96 ലെ ജി.ഒ. (ആർ.ടി.) 1108/96/പൊ.മ.വ. പ്രകാരം ഭരണാനുമതിയും 21.3.98 ലെ 290/98/പൊ.മ.വ. പ്രകാരം പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷന്റെ വിശദവിവരങ്ങൾ ഡിസൈൻ വിംഗ് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly